**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **28-01-2026 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം നിർത്തിവെക്കാൻ കാരണമായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ പരിശോധനകളുടെ വിശദാംശം വിവരിക്കുമോ; | (എ) | കോട്ടയം ടെക്സ്റ്റൈൽസിലെ ജീവനക്കാരുടെ ഉന്നമനത്തിനായി രൂപീകരിച്ച കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അംഗങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്തുവന്നിരുന്നു.<br><br>2020 ഫെബ്രുവരി മാസം മുതൽ 2021 നവംബർ മാസം വരെ തൊഴിൽ പ്രശ്നങ്ങൾ മൂലം കോട്ടയം ടെക്സ്റ്റൈൽസ് പ്രവർത്തനം നിന്നു പോയതിനാൽ കോട്ടയം ടെക്സ്റ്റൈൽസിലെ ജീവനക്കാരായ അംഗങ്ങൾ എടുത്ത വായ്പകൾ തിരിച്ചടക്കാതെ വരികയും ചെയ്തു. അക്കാരണത്താൽ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി മോശമാകുകയും നിക്ഷേപ തുകകൾ തിരികെ നൽകാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു.<br><br>കോട്ടയം ടെക്സ്റ്റൈൽസിൽ സഹകരണ സംഘത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വകുപ്പ് 66 പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | ഐ. എൻ. 1250800204 നമ്പർ നിവേദനത്തിൽ ഉന്നയിച്ച പരാതികളിന്മേൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിക്കേണ്ട റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.01.2026 ലെ പി/227/151/890 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സൊസൈറ്റിയിലെ നിക്ഷേപകരുടെ തുക തിരികെ നൽകുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; എത്ര നിക്ഷേപകർക്ക് എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്നതും അറിയിക്കുമോ; | (സി) | സൊസൈറ്റിയ്ക്ക് ലഭിക്കാനുള്ള തുകകൾ തിരികെ ഈടാക്കുവാൻ ARC ഫയൽ ചെയ്യുന്നത് അടക്കമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംഘത്തിൽ നിന്നും 120 നിക്ഷേപകർക്കായി 245,56,459.21/- രൂപ തിരികെ നൽകുവാനുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സൊസൈറ്റിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി തയ്യാറാക്കിയ ഹ്രസ്വകാല–ദീർഘകാല പദ്ധതികൾ എന്തൊക്കെയെന്നും ഇതിനായി ബജറ്റിൽ വകയിരുത്തൽ പരിഗണിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ റീഓപ്പണിങ്ങുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയിൽ നിന്നും 19,10,110.52/- രൂപ കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കുടിശിക തീർക്കുന്നതിലേയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| (ഇ) | നിക്ഷേപകരുടെ തുക നഷ്ടപ്പെടാൻ കാരണമായ ഭരണപരമായ വീഴ്ചകളോ അഴിമതിയോ ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? | (ഇ) | കോട്ടയം ടെക്സ്റ്റൈൽസ് പ്രവർത്തനരഹിതമായതിനെ തുടർന്നാണ് സൊസൈറ്റിയുടെ പ്രവർത്തനം നിലയ്ക്കുകയും നിക്ഷേപ തുക നിക്ഷേപകർക്ക് തിരികെ നൽകാൻ സൊസൈറ്റിയ്ക്ക് സാധിക്കാതെ വരികയും ചെയ്തത്.<br><br>കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും സംഘത്തിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ